**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6092** **17-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് മുഖേന മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിസെപ്പ് പദ്ധതിയുടെ നടത്തിപ്പിനായി സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസിനെ ചുമതലപ്പെടുത്താൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്പ്) സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ്. ജീവനക്കാർക്കായി സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് മുഖേന നടപ്പിലാക്കുന്ന മറ്റു ലൈഫ് ഇൻഷുറൻസ് സ്കീമുകളുമായി (ജിഐഎസ്, ജിപിഎഐഎസ് മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷുറൻസ് സ്കീമുകൾ വളരെ സങ്കീർണമാണ്. കൂടാതെ യൂണിവേഴ്സിറ്റികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉൾപ്പെടെയുള്ള പദ്ധതിയിൽ അംഗങ്ങളായവരുടെ വ്യക്തി വിവരങ്ങൾ സുതാര്യമായി ഇൻഷുറൻസ് കമ്പനിക്ക് കൈമാറുക, 11 ലക്ഷത്തിലധികം വരുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ പ്രീമിയം തുക സ്പാർക്ക്, ട്രഷറി, മറ്റ് ശമ്പള/പെൻഷൻ സോഫ്റ്റ് വെയർ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് ഈടാക്കുക തുടങ്ങിയ പദ്ധതി നടത്തിപ്പിലെ സങ്കീർണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം സംസ്ഥാന ഇൻഷുറൻസ് വകുപ്പ് വഴിയോ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങൾ മുഖാന്തിരമോ നടപ്പാക്കുന്നത് പ്രായോഗികമല്ല.** |
| (ബി) | സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ മുഖേന ഇത്തരം പദ്ധതികൾ കാര്യക്ഷമമായി നടത്താൻ തടസ്സമുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | **30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിക്കൽ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്പ്) സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ്. ജീവനക്കാർക്കായി സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് മുഖേന നടപ്പിലാക്കുന്ന മറ്റു ലൈഫ് ഇൻഷുറൻസ് സ്കീമുകളുമായി (ജിഐഎസ്, ജിപിഎഐഎസ് മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷുറൻസ്** |

| | | | |
|---|---|---|---|
| | | | സ്കീമുകൾ വളരെ സങ്കീർണമാണ്. കൂടാതെ യൂണിവേഴ്സിറ്റികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉൾപ്പെടെയുള്ള പദ്ധതിയിൽ അംഗങ്ങളായവരുടെ വ്യക്തി വിവരങ്ങൾ സുതാര്യമായി ഇൻഷുറൻസ് കമ്പനിക്ക് കൈമാറുക, 11 ലക്ഷത്തിലധികം വരുന്ന ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ പ്രീമിയം തുക സ്പാർക്ക്, ട്രഷറി, മറ്റ് ശമ്പള/പെൻഷൻ സോഫ്റ്റ് വെയർ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് ഈടാക്കുക തുടങ്ങിയ പദ്ധതി നടത്തിപ്പിലെ സങ്കീർണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം സംസ്ഥാന ഇൻഷുറൻസ് വകുപ്പ് വഴിയോ സർക്കാർ ഉടമസ്ഥതയിലുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങൾ മുഖാന്തിരമോ നടപ്പാക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ